പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 62

23.01.2018 ൽ
മറുപടിക്ക്

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ സംവരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) സർക്കാർ ജീവനക്കാരിൽ നിന്ന് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്ക് നിയമനം ലഭിക്കുന്ന രണ്ടും മൂന്നും സ്കീമുകളിൽ നിന്ന് സംവരണ വ്യവസ്ഥ പൂർണ്ണമായും ഒഴിവാക്കിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനങ്ങൾക്ക് സംവരണ വ്യവസ്ഥ ബാധകമല്ല. |
| ബി) കെ. എ. എസിന്റെ സ്കീം രണ്ടിന്റെ കരടിൽ സർക്കാർ നേരത്തെ സംവരണത്തിന് വ്യവസ്ഥ ചെയ്തശേഷം അന്തിമ ഉത്തരവിൽ നിന്നും പിന്നീടത് ഒഴിവാക്കപ്പെട്ട സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | ബി) വിശദമായ പരിശോധനകൾക്കും കൂടിയാലോചനകൾക്കും സർവ്വീസ് സംഘടനകളുമായി നടത്തിയ ചർച്ചകൾക്കും ഒടുവിൽ നിർണ്ണയിക്കപ്പെട്ട വസ്തുതകളുടെ അടിസ്ഥാനത്തിലാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സംബന്ധിച്ച അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. |
| സി) ചില വകുപ്പുതല സ്ഥാനക്കയറ്റത്തിന്റെ കാര്യത്തിലും സംവരണം ഉറപ്പാക്കുന്ന രീതിയാണ് പി.എസ്.സി. മുൻകാലങ്ങളിൽ സ്വീകരിച്ചിട്ടുള്ളതെന്ന കാര്യം പരിശോധിക്കുമോ; | (സി), (ഡി), & (ഇ) KAS ൽ നേരിട്ട് നിയമനം നടത്തുന്ന തസ്തികകളുടെ കാര്യത്തിൽ സംവരണത്തിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ഡി) എങ്കിൽ ഒരു പുതിയ കേഡർ ആയിട്ട് പോലും കെ.എ.എസിലേക്ക് സർക്കാർ സർവ്വീസിൽ നിന്നുള്ള നിയമനത്തിന് സംവരണ വ്യവസ്ഥ പാലിക്കാത്തതിന്റെ സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ; | |
| ഇ) എങ്കിൽ ഇക്കാര്യം സർക്കാർ പുനഃപരിശോധിക്കുമോ; സംവരണം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | |

സെക്ഷൻ ഓഫീസർ